ജി(4)4998/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 03.10.2018.

**സർക്കുലർ നം. 49/2018**

വിഷയം:- സഹകരണവകുപ്പ്-തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് കർഷക നേഴ്സറി-പച്ചക്കറി തൈകൾവാങ്ങുന്നതിന്-സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന് തങ്കമണി എന്ന സ്ഥലത്ത് പോളി ഹൗസ്, കാർഷിക നേഴ്സറി, തേയില ഫാക്ടറി, എന്നിവയെല്ലാം പ്രവർത്തിച്ച് വരുന്നുണ്ട്. കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കായി ഒരു കർഷക സേനയും നിലവിലുണ്ട്. ബാങ്കിന്റെ കാർഷിക നേഴ്സറിയിൽ നിന്നും ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ പൊതു വിപണിയിലുള്ളതിലും കുറഞ്ഞ വിലയ്ക്കാണ് വിറ്റുവരുന്നത്. ഇടുക്കി ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിതരണം ചെയ്യുന്ന പച്ചക്കറിത്തൈകൾ തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന്റെ നേഴ്സറിയിൽ നിന്നും വാങ്ങിയാൽ ടി നേഴ്സറിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും സഹകരണ മേഖലയ്ക്കും പ്രയോജന പ്രദമാണ്. ആയതിനാൽ തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന്റെ കാർഷിക നേഴസറിയിൽ ഉല്പാദിപ്പിയ്ക്കുന്ന പച്ചക്കറിത്തൈകൾ വാങ്ങുന്നതിന് ഇടുക്കി ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

(ഒപ്പ്)
എസ്.ഷാനവാസ്, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി.
2) ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) ഇടുക്കി
3) അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്)ഇടുക്കി.
(ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ഡയറക്ടർ(ആഡിറ്റ്) മുഖേന.)
4) എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
5) വെബ് സൈറ്റ്
6) സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

കെ.വി